# കേരള സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ

ഹാജർ : കെ. ബൈജുനാഥ്,
ബഹു. ആക്ടിംഗ് ചെയർമാൻ & ജുഡീഷ്യൽ അംഗം

<u>എച്ച്.ആർ.എം.പി. നമ്പർ : 6396/11/12/2022/</u> TVM

പരാതികക്ഷി : ആൻസി പോൾ,കനാൻ ഡയൽ
റ്റി.സി.39/1870,കല്ലായി ലെയിൻ
കട്ടച്ചൽ റോഡ്,തിരുമല, തിരുവനന്തപുരം

എതിർകക്ഷി 1) ഹാഷിം,132,കട്ടച്ചൽ റോഡ്,തിരുമല

2)ഷൗക്കത്തലി

3)ഷ്ബ്ന ഹാഷിം

**<u>ഉത്തരവ് തീയതി 09.05.2024</u>**

30/09/2022 തീയതി എതിർകക്ഷികൾ [illegible] പരാതികക്ഷിയെയും ടിയാളുടെ മാതാവിനെയും, സഹോദരനെയും ചീത്ത വിളിച്ച് ദേഹോപദ്രവം ഏൽപ്പിച്ച സംഭവത്തിൽ പൂജപ്പുര പോലീസ് മതിയായ നിയമനടപടികൾ സ്വീകരിച്ചിട്ടില്ലായെന്നും മറ്റുമാണ് പരാതി സംഗതി.

പരാതി വിഷയത്തിൽ കൻേറാൺമെൻറ് അസിസ്റ്റൻറ് പോലീസ് കമ്മീഷണർ ഒരു റിപ്പോർട്ട് സമർപ്പിച്ചു. എതിർകക്ഷികൾ പരാതികക്ഷിയുടെ വീട്ടു കോമ്പൗണ്ടിൽ അതിക്രമിച്ച് കയറി അസഭ്യങ്ങൾ വിളിച്ചു പറഞ്ഞ് പരാതികക്ഷിയെയും ടിയാളുടെ അമ്മയെയും സഹോദരനെയും ദേഹോപദ്രവമേൽപ്പിക്കുകയും ടിയാളുടെ സഹോദരനായ എബി പോളിനെ ക്രിക്കറ്റ് ബാറ്റ് കൊണ്ട് ഒന്നാം എതിർകക്ഷി ഇടതു കാൽമുട്ടിലും, ഇടതു കൈയ്യിലും അടിക്കുകയും ആയതിൽ വച്ച് ടിയാളുടെ സഹോദരൻെറ ഇടതു കാൽമുട്ടിലും കൈക്കും പൊട്ടൽ സംഭവിക്കുകയും ചെയ്യതിലേയ്ക്ക് ശ്രീ എബി പോളിൻെറ മൊഴിയുടെ അടിസ്ഥാനത്തിൽ എതിർകക്ഷികൾക്കെതിരെ പൂജപ്പുര പോലീസ് സ്റ്റേഷൻ ക്രൈം 1075/2022 ആയി കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം പൂർത്തിയാക്കി കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതും ആയത് സി.സി 150/20 പ്രകാരം കോടതിയുടെ പരിഗണനയിലുമാണെന്നും കാണുന്നു.

കൂടാതെ പരാതികക്ഷി, ടിയാളുടെ അമ്മ, സഹോദരൻ അയൽവാസിയായ സുരേഷ് എന്നിവർക്കെതിരെ ഒന്നാം എതിർകക്ഷിയായ ഹാഷിം നൽകിയ മൊഴിയുടെ

അടിസ്ഥാനത്തിൽ പൂജപ്പുര പോലീസ് സ്റ്റേഷനിൽ ക്രൈം 1074/2022 പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം പൂർത്തിയാക്കി കോടതി മുമ്പാകെ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതും ആയതും സി.പി 7/2023 പ്രകാരം കോടതിയുടെ പരിഗണനയിലുമാണെന്നും പ്രസ്തുത റിപ്പോർട്ടിൽ പ്രതിപാദിക്കുന്നുണ്ട്.

റിപ്പോർട്ടിന്മേൽ പരാതികക്ഷി ആക്ഷേപം സമർപ്പിച്ചു പരാതിയും റിപ്പോർട്ടും ആക്ഷേപവും കമ്മീഷൻ വിശദമായി പരിശോധിച്ചു. ഇരുകക്ഷികൾക്കെതിരെയും രജിസ്റ്റർ ചെയ്ത കേസ്സുകൾ നിലവിൽ കോടതിയുടെ പരിഗണനയിലാണ്. കോടതിയുടെ പരിഗണനയിലുള്ള കേസുകളിൽ തീരുമാനം കൈകൊള്ളുവാൻ മനുഷ്യാവകാശ കമ്മീഷന് സാധിക്കുകയില്ല. പോലീസ് നൽകിയ കുറ്റപത്രത്തെ സംബന്ധിച്ച് പരാതികക്ഷികൾക്ക് ആക്ഷേപം ഉണ്ടെങ്കിൽ അക്കാര്യം കോടതിയുടെ ശ്രദ്ധയിൽ കൊണ്ടുവരാവുന്നതാണ്. *പരാതിക്കാരിയുടെ സ്വൈര്യജീവിതത്തിന് എന്തെങ്കിലും തടസ്സം ഉണ്ടായാൽ ആ വിവരം കാണിച്ച്* പൂജപ്പുര *പോലീസിൽ പരാതി നൽകേണ്ടതും പരാതി ലഭിക്കുന്നപക്ഷം പരാതിക്കാരിക്ക് ആവശ്യമായ* സംരക്ഷണം നൽകണമെന്ന് കമ്മീഷൻ പൂജപ്പുര പോലീസ് ഇൻസ്പെക്ടറോട് ശുപാർശ ചെയ്തുകൊണ്ട് പരാതി അവസാനിപ്പിക്കുന്നു.

ഉത്തരവിന്റെ പകർപ്പ് പൂജപ്പുര പോലീസ് ഇൻസ്പെക്ടർ, ,പരാതിക്കാരി എന്നിവർക്ക് അയച്ചുകൊടുക്കേണ്ടതാണ്.

ഒപ്പ്
**കെ. ബൈജുനാഥ്**
**ആക്ടിംഗ് ചെയർമാൻ & ജുഡീഷ്യൽ അംഗം**

//ശരിപ്പകർപ്പ്//

രജിസ്ട്രാർ